(ബി) ഇങ്ങനെയുള്ള കമ്പ്യൂട്ടർ തകരാറുകൾ പരിഹരിക്കുന്നതിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നൽകി കമ്പ്യൂട്ടർ തകരാറുകൾ യഥാസമയം പരിഹരിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു സർക്കാർ സ്ഥാപനമായ സി-ഡിറ്റിന് രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(സി) ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നിലവിൽ വന്നു കഴിയുമ്പോൾ ഇന്നുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാകും.

പെരുമ്പാവൂർ സബ് രജിസ്ട്രാർ ഓഫീസർക്കെതിരെയുള്ള പരാതി

140 [1973] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ സബ്-രജിസ്ട്രാർ ഓഫീസറുടെ പെരുമാറ്റ ദൂഷ്യത്തെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ എറണാകുളം ആസ്ഥാനമായുള്ള ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly